ഉത്തരം

(എ) ഉണ്ട്.

(ബി) വിനോദസഞ്ചാര വികസനത്തിന് അനുയോജ്യമായ എല്ലാ ഘടകങ്ങളും വൈദ്യുത ബോർഡിന്റെ കീഴിലുള്ള ജലസംഭരണികളിലും അവ സ്ഥിതി ചെയ്യുന്ന ചുറ്റുപാടുകളിലുമുണ്ട്. അവയെ ദീർഘ വീക്ഷണത്തോടെ ചൂഷണം ചെയ്യുവാനും, സുരക്ഷാസംവിധാനത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം തട്ടാതെ, ആകർഷകങ്ങളായ ഹൈഡൽ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുവാനും പിന്നോക്കാവസ്ഥയിലുള്ള സ്ഥലങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടുവാനും, തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാനും ലക്ഷ്യം വച്ചുകൊണ്ടുള്ള സമഗ്രമായ ടൂറിസം പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്. ആദ്യപടിയായി മൂന്നാർ, മാട്ടുപ്പെട്ടി, ഇടുക്കി എന്നീ പ്രദേശങ്ങളിൽ ഹൈഡൽ ടൂറിസം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. മൂന്നാറിലും മാട്ടുപ്പെട്ടിയിലും അതിന് വേണ്ടിയുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. മൂന്നാറിൽ ഒരു പൂന്തോട്ടം, വാട്ടർ സൈക്കിൾ മുതലായവയും, മാട്ടുപ്പെട്ടിയിൽ ബോട്ടിംഗ് സൗകര്യങ്ങളും ആദ്യപടിയായി ഏർപ്പെടുത്തും.

(സി) ഇതിനായി ബോർഡിന്റെ കീഴിൽ, തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര-സാഹിത്യ ധർമ്മസംഘങ്ങൾ രജിസ്ട്രറാക്കൽ ആക്ടനുസരിച്ച് കേരളാ ഹൈഡൽ ടൂറിസം സെന്റർ (കെ.എച്ച്.റ്റി.സി.) എന്ന പേരിൽ സ്വയംഭരണാവകാശമുള്ള ഒരു സൊസൈറ്റി 1-12-1999-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

(ഡി) ബോർഡിലെ ഒരു ഉദ്യോഗസ്ഥനെ ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. കൂടാതെ, ഡയറക്ടറെ സഹായിക്കാൻ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ബോർഡിലെ ഒരു അഡീ. എഞ്ചിനീയറെയും ഒരു സീനിയർ സൂപ്രണ്ടിനേയും നിയമിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(ഇ&എഫ്) ഹൈഡൽ ടൂറിസത്തിന്റെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങുന്നു.

പുതിയ വ്യവസായ സംരംഭകർക്കുള്ള സൗജന്യങ്ങളും സഹായങ്ങളും

82(985) പ്രൊഫ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വ്യവസായ സംരംഭകർക്ക് എന്തെല്ലാം സൗജന്യങ്ങളും സഹായങ്ങളും ആണ് കെ.എസ്.ഇ.ബി. നൽകുന്നത് ; വിശദമാക്കാമോ ;

(ബി) പൊതുമേഖലയിലും സഹകാര്യമേഖലയിലുമായി ഏതെല്ലാം താപ-ഡീസൽ നിലയങ്ങളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നുവരുന്നത് ;

(സി) ഇവ ഓരോന്നും എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇവ ഓരോന്നിന്റേയും പവർ പർച്ചേസ് എഗ്രിമെന്റ് എപ്രകാരമാണ് ; വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ വ്യവസായ സംരംഭകരെ സഹായിക്കാനായി ലോടെൻഷൻ കണക്ഷൻ നൽകുന്നതിന്റെ കണക്ടഡ് ലോഡ് പരിധി 100 കെ.വി.എ.യിൽ നിന്നും 150 കെ.വി.എ.യായി ഉയർത്തിട്ടുണ്ട്.

(ബി&സി) സ്വകാര്യമേഖലയിൽ

1. ബി.എസ്.ഇ.എസ്., കൊച്ചി (157 മെഗാവാട്ട്) ആദ്യത്തെ 40.5 മെഗാവാട്ട് യൂണിറ്റ് കമ്മീഷൻ ചെയ്തു. ഡി.സി.പവർ, കാസർഗോഡ് (107 മെഗാവാട്ട്) നിർമ്മാണമാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

2. സ്വകാര്യമേഖലയിൽ കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് (20 മെഗാവാട്ട്) 2000 ഒക്റ്റോബറിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ബി.എസ്.ഇ.എസ്. കൊച്ചി, കാസർഗോഡ് പവർ കോർപ്പറേഷൻ, കാസർഗോഡ് ഡി.സി. പവർ കാസർഗോഡ് 107 മെഗാവാട്ട് എഗ്രിമെന്റിന്റെ കാലാവധി ഒന്നാമത്തെ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത് മുതൽ 15 വർഷത്തേയ്ക്കാണ്. രൂപയുടെ വിനിമയ നിരക്കും, ഇന്ധനവിലയിലെ വ്യതിയാനവും കണക്കിലെടുത്തുകൊണ്ട് താരിഫ് നിശ്ചയിക്കാനുള്ള വ്യവസ്ഥയാണ് എഗ്രിമെന്റിലുള്ളത്. മേല്പ്പറഞ്ഞ മൂന്ന് ഐ.പി.പി.കളുടെ പി.പി.എ.-ൽ ഇപ്രകാരമാണ് വ്യവസ്ഥ ചെയ്യുന്നത്.

മൈക്രോ ഹൈഡൽ പദ്ധതികൾ

83(986) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മൈക്രോ ഹൈഡൽ പ്രോജക്ടുകൾ നിലവിലുണ്ട് ;

(ബി) കെ.എസ്.ഇ.ബി. അല്ലാതെ ഏതെങ്കിലും ഏജൻസികൾ മൈക്രോഹൈഡൽ പ്രോജക്ടിലൂടെ വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഇങ്ങനെ ഉല്പ്പാദിപ്പിക്കുന്ന വൈദ്യുതി വിതരണം ചെയ്യുന്നത് യൂണിറ്റിന് എത്ര രൂപ നിരക്കിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 'അനെർട്ട്' രണ്ട് മൈക്രോ ഹൈഡൽ പദ്ധതികൾ സംസ്ഥാനത്ത് ഡമോൻസ്ട്രേഷന് വേണ്ടി സ്ഥാപിച്ചിട്ടുണ്ട് (10 കെ.ഡബ്ല്യൂ. വീതം ശേഷിയുള്ള ഒന്ന് വയനാട്ടിലെ സുഗന്ധഗിരിയിലും മറ്റൊന്ന് പൂക്കോട്ടും). കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് മൈക്രോ ഹൈഡൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly